

അമലഭാരതം ശുചിത്വ പരിപാലനത്തിന്റെ ഭാഗമായി അമൃതാനന്ദമയി മഠത്തിന്റെ നേതൃത്വത്തിൽ കൊല്ലത്തു തെരുവ് വൃത്തിയാക്കുന്നു. ചിത്രം: മനോരമ

# ഒരേ മനസ്സോടെ അവരിറങ്ങി; നാടും നഗരവും വെടിപ്പായി

കൊല്ലം: ഡോക്ടർമാരും എൻജിനീയർമാരും വീട്ടമ്മമാരും ചൂലും തൂമ്പയുമായി തെരുവിലിറങ്ങി. വഴിയരികിൽ വലിച്ചെറിഞ്ഞ പ്ലാസ്റ്റിക്കും മാലിന്യങ്ങളും നീക്കം ചെയ്തു തൂത്തു വൃത്തിയാക്കി.

അമൃതാനന്ദമയി മഠത്തിന്റെ അമലഭാരതം ശുചിത്വ പരിപാലന പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു ശുചീകരണം. ആനന്ദവല്ലീശ്വരം മുതൽ പുതിയകാവ് ക്ഷേത്രം വരെ ദേശീയപാതയാണ് ചെത്തിയും തൂത്തും വൃത്തിയാക്കിയത്.

മാലിന്യങ്ങൾ നീക്കം ചെയ്യാൻ കോർപറേഷൻ പിക് അപ് ഓട്ടോറിക്ഷയുമായി കോർപറേഷനിൽ നിന്നു കുടുംബശ്രീ പ്രവർത്തകരും ചേർന്നു.

ബ്രഹ്മചാരി നാരായണൻ, ജില്ലാ കോ-ഓർഡിനേറ്റർ ഡോ. മോഹൻനായർ, ടീം ലീഡർ ഇടുക്കി നിർമിതി കേന്ദ്രം അസിസ്റ്റന്റ് പ്രോജക്ട് എൻജിനീയർ എസ്. ബിജു എന്നിവരുടെ നേതൃത്വത്തിൽ ഇരുനൂറോളം പേർ ശുചീകരണത്തിൽ പങ്കെടുത്തു. രാവിലെ എട്ടിനു തുടങ്ങിയ ശുചീകരണം രണ്ടുവരെ തുടർന്നു. ശുചിത്വബോധവൽക്കരണത്തിന്റെ ഭാഗമായി ലഘുലേഖ വിതരണം ചെയ്തു.